2014-15:

വകയിരുത്തപ്പെട്ട പദ്ധതിയുക	-	3,25,00,000 രൂപ
ചെലവഴിച്ച യുക	-	3,11,62,508 രൂപ
ചെലവഴിക്കാൻ കഴിയാതിരുന്ന യുക	-	13,37,492 രൂപ
പിൻവലിക്കൽ ശതമാനം	-	95.88%

2015-16 (31-1-2016 വരെ):

വകയിരുത്തപ്പെട്ട പദ്ധതിയുക	-	3,50,00,000 രൂപ
ചെലവഴിച്ച യുക	-	92,20,839 രൂപ
ചെലവഴിക്കാൻ കഴിയാതിരുന്ന യുക	-	2,57,79,161 രൂപ
പിൻവലിക്കൽ ശതമാനം	-	26.7%

എക്സൈസ് വകുപ്പിൽ ട്രഷറി അക്കൗണ്ടിൽ ഒരു യുകയും നിക്ഷേപിച്ചിട്ടില്ല

(സി) 31-3-2015-ലെ G.O.(Rt) No. 3646/2015/Fin. നമ്പർ ഉത്തരവ് പ്രകാരം റീ-അപ്രോപ്രിയേഷൻ വഴി 2014-15 കാലയളവിൽ 2039-00-001-91-വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയ യുകയിൽനിന്നും 2039-00-800-96-എക്സൈസ് അക്കാദമിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ) എന്ന ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ വഴി 1,00,00,000 രൂപ വകമാറ്റി ചെലവഴിച്ചിരുന്നു.

ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്

148 (120) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷനുകളുടെ ശിപാർശപ്രകാരം അനുവദിക്കപ്പെട്ട ഫണ്ട് അതാത് വർഷത്തിൽ തന്നെ പൂർണമായും ചെലവഴിച്ചിട്ടുണ്ടോ; 2011-12 വർഷം മുതൽ ഓരോ വർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന മൊത്തം ഫണ്ടും ഈ ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ചിരുന്ന യുകയും എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രഷറി അക്കൗണ്ടുകളിലേക്കോ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടുകളിലേക്കോ ഓരോ വർഷവും മാറ്റിയ തുക എത്ര വീതം;

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് തന്നാണ്ടിൽ ചെലവഴിക്കാൻ കഴിയാതിരുന്ന തുക അടുത്ത വർഷം പൂർണമായി ചെലവഴിക്കാൻ സാദ്ധ്യമായിട്ടുണ്ടോ; ഇപ്രകാരം ചെലവഴിക്കാൻ കഴിയാതെ പോയിട്ടുള്ള തുക ഓരോ വർഷവും എത്ര വീതമായിരുന്നു;

(ഡി) തന്നാണ്ടിൽ മുൻവർഷം ചെലവഴിക്കാൻ കഴിയാതിരുന്ന എത്ര തുക ചെലവഴിച്ചു; ഈ വർഷം ചെലവഴിക്കേണ്ടതായ മൊത്തം തുക എത്ര; ഇതിനകം പിൻവലിച്ച തുക എത്ര?

<u>ഉത്തരം</u>

(എ) തദ്ദേശ സ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരം അനുവദിക്കപ്പെടുന്ന ഫണ്ട് അതാത് വർഷത്തിൽ തന്നെ പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. 2011-12 വർഷം മുതൽ ഓരോ വർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന മൊത്തം ഫണ്ടും ഈ ഇനത്തിൽ ട്രഷറിയിൽനിന്നും പിൻവലിച്ചിരുന്ന തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 -ൽ ചേർക്കുന്നു*.

(ബി) പ്രാദേശിക സർക്കാരുകളുടെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയ തുക

2011-12	-	3884.59 കോടി രൂപ
2012-13	-	4867.76 കോടി രൂപ
2013-14	-	6234.79 കോടി രൂപ
2014-15	-	7453.74 കോടി രൂപ

ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടില്ല.

(സി) ഇല്ല. തുടർന്നുള്ള വർഷങ്ങളിലേക്ക് ക്യാരിഓവർ ചെയ്യുന്നു. ഓരോ വർഷവും അനുവദിക്കുന്ന തുകയിൽ ചെലവാകാതെ വരുന്ന തുകയുടെ കണക്കും അനുബന്ധം 1-ൽ ചേർക്കുന്നു*

(ഡി) അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly